## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1283

02.05.2017-ൽ മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) 2016-17-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതമായി എത്ര തുകയാണ് നീക്കിവച്ചിരുന്നത്; അതിൽ 31-1-2017 വരെ എത്ര തുക ചെലവഴിച്ചു; | എ) 2016-17 ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 5500 കോടി രൂപയാണ് നീക്കി വച്ചിരുന്നത്. അതിൽ 31.01.2017 വരെ 3971.97 കോടി രൂപ ചെലവഴിച്ചു. |
| ബി) പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം വിനിയോഗമാണ് ഇതുവരെ നടന്നത്; | ബി) 31.01.2017 വരെ പദ്ധതി വിഹിതത്തിന്റെ 72.22% വിനിയോഗിച്ചു. |
| സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2015-16-ലെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി എത്ര തുകയാണ് അനുവദിച്ചതെന്നും 31-1-2016 വരെ എത്ര തുകയാണ് ചെലവഴിച്ചതെന്നും വെളിപ്പെടുത്തുമോ; പ്രസ്തുത തുക ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ്; | സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2015-16 ലെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 4800 കോടി രൂപയാണ് അനുവദിച്ചത്. അതിൽ 31.01.2016 വരെ 1467.41 കോടി രൂപ ചെലവഴിച്ചു. ഇത് പദ്ധതി വിഹിതത്തിന്റെ 31% ആണ്. |
| ഡി) ആവശ്യമായ ഫണ്ട് ധനകാര്യ വകുപ്പ് അനുവദിക്കാത്തതുകൊണ്ടാണോ പദ്ധതിവിഹിതത്തിൽ കുറവ് വന്നത്; വിശദമാക്കുമോ? | ഡി) പദ്ധതി വിഹിതത്തിൽ കുറവ് വന്നിട്ടില്ല. ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ